# ശ്രീചിത്തിരതിരുനാൾ

# പാഠാവലി

## ഒന്നാംപാഠം

തിരുവിതാംകൂർ സർക്കാർ [illegible]

[illegible]

LABEL FOR LIBRARY BOOKS.

1. Name of School.
2. General Stock No.
3. Division or classified No.:
4. Section.
5. When added.
6. Price (Nett.)

C. P. P. 440 Edn. 2. 56,000. 12-5-116.

82

~~T-S. 317~~

15

## തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

# ശ്രീചിത്തിരതിരുനാൾ പാഠാവലി

## ഒന്നാംപാഠം

ഗവമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്

തിരുവിതാംകൂർ സക്കാർ അച്ചുകൂടം

പകർപ്പവകാശം


൧൧൧൩



# ഒന്നാംപാഠപുസ്തകം

---

## പാഠം ൧.



പറ



പന


പറ

പന

---

## പാഠം ൨.

റ ത വ



തറ

വര

തറ

വര

TRAINING SCHOOL
KOTTAYAM
LOWER GRADE

# പാഠം ൧.

മ ല



തല



വല



മല

തല വല മല

## പാഠം ൬.

| | | | |
|---|---|---|---|
| പറ | പ | തറ | റ |
| വര | വ | വര | ര |
| മല | മ | പന | ന |
| വല | ല | തല | ത |

റ ന

ര ത

പ മ

വ ല

## പാഠം ൯.

വറ റവ

മറ മന

ലത നര

---

## പാഠം ൰.

ഇ ഈ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഇ | റി | നി | രി | തി | പി | വി | മി | ലി |
| ഈ | റീ | നീ | രീ | തീ | പീ | വീ | മീ | ലീ |



ഇല



തവി



ഈ



പീലി

ൻ

ഉല   ഊ

തവി   പീലി

---

## പാഠം ൧.


ക   ച   ട



കീരി



ചീര



വടി

കീരി ചീര

വടി

---

പാഠം ൗ

തിരി രീതി

വിരി വീതി


കടി കര കരടി

പിടി പിട പിടലി

---

# പാഠം ൯.

ഉ ഊ



ഉറി



ഊമ

ഉറി


ഊമ

# പാഠം ൧൨.

| | | | | | |
|---|---|---|---|---|---|
| ഉ | നു | രു | തു | പു | കു |
| ഊ | നൂ | രൂ | തൂ | പൂ | കൂ |
| | നു് | രു് | തു് | പു് | കു് |




കുട



കൂടു്



പൂവ്



നൂല്




രൂപ

കുട കുട്ടി

പൂവ് നൂല്

രൂപ

# പാഠം ൧൧

നര നൂറ്

തുട തൂകി

പുക പൂട

കുല കൂവ

ഉരുകി വിരൂപി

വാരി ഊരി.

വിരലുകീറി.

തീ ഊതി.

ചൂടുകൂടി.

# മൂടി ചീകി
# പൂവു ചൂടി

---

## പാഠം ൧൨

| | | | |
|---|---|---|---|
| ഇല | ഇ | ഈട് | ഈ |
| വിരി | വി | വീതി | വീ |
| ഉറി | ഉ | ഊറി | ഊ |
| കുട | കു | കൂട | കൂ |
| ചുമ | ചു | ചൂട് | ചൂ |
| തുട | തു | തൂകി | തൂ |
| നുര | നു | നൂറ് | നൂ |
| ഉരുളി | രു | രൂപ | രൂ |

ഇ ഈ ഉ ഊ

ക കി കീ കു കൂ ക്

ച ചി ചീ ചു ചൂ ച്

ട ടി ടീ ടു ടൂ ട്

ന നി നീ നു നൂ ന്

ര രി രീ രു രൂ ര്

---


## പാഠം ൧൨.

അ ആ അം അഃ

ക കാ കം കഃ



അരം



ആന



പാലം


അരം ആന

പാലം

൨൪

# പാഠം ൨൬

# ഞ ണ



മണി



ഞാറ

മണി

ഞാറ

---

# പാഠം ൨൫.

കരം കാരം

മനം മാനം

ചാടണം പാടണം

പാകണം കാണണം

കുതിര ചാടണം.

കുരുവി പാടണം.

ഞാറു പാകണം.

കണി കാണണം.



# മാൻ



# ചാൺ

| | |
|---|---|
| കാർ | വാൾ |
| ആൽ | മാൻ |

ചാൺ

# പാഠം ൧൮

കുളിർകാലം

മലർവാടി

മലമുകൾ

മരുമകൾ

കാൽവിരൽ

പാൽനിറം

മുൻവരി

മീൻവല

കൺമണി

ആൺകിളി

LOWER GRADE

൨൪

# പാഠം ൻ

# യ ള ഴ



മുയൽ



കാള



വാഴ

മുയൽ കാള

വാഴ

---

## പാഠം ൨൦.

വെയിൽ മഴ കുളിർ

വെയിലാറും.

മയിലാടും.

മഴപൊഴിയും.

കുളിരിളകും.

---

## പാഠം ൨൧.

എ ഏ ഐ



ഏരുമ



ചെവി



ഏണി



പേന



ഐരാ-
വതം



കൈ

എരുമ ചെവി

ഏണി പേന

# ഐരാവതം

# കൈ


---

## പാഠം ൨൨.

എവിടെ ഏലം ഐവർ

വെടി വേല വൈരം

തെരുവ് തേൻ തൈര്



എലി ഏണിയിൽ കേറി.

ഏണി താഴെ വീണു.

എലിയും കൂടെ വീണു.

---

# പാഠം ൨൩.

| | | | |
|---|---|---|---|
| അറ | അ | പാറ | പ |
| ആന | ആ | പാന | പാ |
| എലി | എ | ചെവി | ചെ |
| ഏലം | ഏ | വേല | വേ |
| ഐവർ | ഐ | വൈരം | വൈ |
| ഞവര | ഞ | മുയൽ | യ |
| കാള | ള | വാഴ | ഴ |
| കാർ | ർ | വാൾ | ൾ |
| ഉരൽ | ൽ | മാൻ | ൻ |
| ചാൺ | ൺ | | |

# പാഠം ൨൪.

| | | | | | |
|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ |
| ക | കാ | കി | കീ | കു | കൂ |
| ച | ചാ | ചി | ചീ | ചു | ചൂ |
| ട | ടാ | ടി | ടീ | ടു | ടൂ |
| ത | താ | തി | തീ | തു | തൂ |
| പ | പാ | പി | പീ | പു | പൂ |
| ഞ | ഞാ | ഞി | ഞീ | ഞു | ഞൂ |
| ണ | ണാ | ണി | ണീ | ണു | ണൂ |
| ന | നാ | നി | നീ | നു | നൂ |
| മ | മാ | മി | മീ | മു | മൂ |
| യ | യാ | യി | യീ | യു | യൂ |
| ര | രാ | രി | രീ | രു | രൂ |
| ല | ലാ | ലി | ലീ | ലു | ലൂ |
| വ | വാ | വി | വീ | വു | വൂ |
| ള | ളാ | ളി | ളീ | ളു | ളൂ |
| ഴ | ഴാ | ഴി | ഴീ | ഴു | ഴൂ |
| റ | റാ | റി | റീ | റു | റൂ |

| | | | | |
|---|---|---|---|---|
| എ | ഏ | ഐ | അം | അഃ |
| കെ | കേ | കൈ | കം | കഃ |
| ചെ | ചേ | ചൈ | ചം | ചഃ |
| ടെ | ടേ | ടൈ | ടം | ടഃ |
| തെ | തേ | തൈ | തം | തഃ |
| പെ | പേ | പൈ | പം | പഃ |
| ഞെ | ഞേ | ഞൈ | ഞം | ഞഃ |
| ണെ | ണേ | ണൈ | ണം | ണഃ |
| നെ | നേ | നൈ | നം | നഃ |
| മെ | മേ | മൈ | മം | മഃ |
| യെ | യേ | യൈ | യം | യഃ |
| രെ | രേ | രൈ | രം | രഃ |
| ലെ | ലേ | ലൈ | ലം | ലഃ |
| വെ | വേ | വൈ | വം | വഃ |
| ളെ | ളേ | ളൈ | ളം | ളഃ |
| ഴെ | ഴേ | ഴൈ | ഴം | ഴഃ |
| റെ | റേ | റൈ | റം | റഃ |

## പാഠം ൨൫.

# ഗ ശ സ ഢ



മേശ



കസേര



ഗരുഢൻ

മേശ
കസേര
ഗരുഢൻ

## പാഠം ൨൩.



ഗംഗ   സീത

കുശൻ   ലവൻ

ശിശു   ശൈശവം

ഇതു കുശനാണു്. കുശൻ
സീതയുടെ മകനാണു്. അ
താണു് സീത. സീതയുടെ മടിയി-
ലാണു് ലവൻ. ലവൻ സീതയുടെ

ഇളയ മകനാണ്. അവൻ ശി-
ശുവാണ്. കുശനും ശൈശവ-
മാണ്. അവരുടെ താമസം ഗംഗ-
യുടെ സമീപമാണ്.

---

## പാഠം ൨൭.

ജ ദ ബ



ജട



ഗദ



# ബാലൻ

ജട ഗദ

ബാലൻ

---

പാഠം ൨൫.


# ഒ ഓ ഔ ഋ

# കൊ കോ ഗൌ മൃ

# ൯ ഒൻപതു്




ഓല







ഋഷി




കൊടി



കോടാലി



ഗൌളി



മൃദംഗം

ഒൻപതു് ഓല

കൊടി കോടാലി

ഋഷി മൃദംഗം

ഗൌളി

---

പാഠം ൨൯.

പൊളി പോതു്

പൌരൻ ദൈവം

രാജാവു് കുടുംബം

ഋതു ഹൃദയം

വികൃതി

ജേതാവിനു ബലം ദയയാണു്.

നൃപനു കൃപ വേണം.

---

## പാഠം ൩൦.

| | | | |
|---|---|---|---|
| ഒൻപതു | ഒ | കൊടി | കൊ |
| ഓല | ഓ | കോടാലി | കോ |
| ഗൌളി | ഗൌ | ബാലൻ | ബാ |
| ജട | ജ | ഗദ | ദ |
| ഗജം | ഗ | ഗരുഡൻ | ഡ |
| മേശ | ശ | കസേര | സേ |
| ഋഷി | ഋ | മൃദംഗം | മൃ |

---

# പാഠം ൩൫.

അ ആ ഇ ഈ ഉ ഊ ഋ എ ഏ

ക കാ കി കീ കു കൂ കൃ കെ കേ

ഗ ഗാ ഗി ഗീ ഗു ഗൂ ഗൃ ഗെ ഗേ

ച ചാ ചി ചീ ചു ചൂ ചൃ ചെ ചേ

ജ ജാ ജി ജീ ജു ജൂ ജൃ ജെ ജേ

ഞ ഞാ ഞി ഞീ ഞു ഞൂ ഞൃ ഞെ ഞേ

ട ടാ ടി ടീ ടു ടൂ ടൃ ടെ ടേ

ഡ ഡാ ഡി ഡീ ഡു ഡൂ ഡൃ ഡെ ഡേ

ണ ണാ ണി ണീ ണു ണൂ ണൃ ണെ ണേ

ത താ തി തീ തു തൂ തൃ തെ തേ

ദ ദാ ദി ദീ ദു ദൂ ദൃ ദെ ദേ

ന നാ നി നീ നു നൂ നൃ നെ നേ

പ പാ പി പീ പു പൂ പൃ പെ പേ

ബ ബാ ബി ബീ ബു ബൂ ബൃ ബെ ബേ

മ മാ മി മീ മു മൂ മൃ മെ മേ

| | | | | | |
|---|---|---|---|---|---|
| ഐ | ഒ | ഓ | ഔ | അം | അഃ |
| കൈ | കൊ | കോ | കൌ | കം | കഃ |
| ഗൈ | ഗൊ | ഗോ | ഗൌ | ഗം | ഗഃ |
| ചൈ | ചൊ | ചോ | ചൌ | ചം | ചഃ |
| ജൈ | ജൊ | ജോ | ജൌ | ജം | ജഃ |
| ഞൈ | ഞൊ | ഞോ | ഞൌ | ഞം | ഞഃ |
| ടൈ | ടൊ | ടോ | ടൌ | ടം | ടഃ |
| ഡൈ | ഡൊ | ഡോ | ഡൌ | ഡം | ഡഃ |
| ണൈ | ണൊ | ണോ | ണൌ | ണം | ണഃ |
| തൈ | തൊ | തോ | തൌ | തം | തഃ |
| ദൈ | ദൊ | ദോ | ദൌ | ദം | ദഃ |
| നൈ | നൊ | നോ | നൌ | നം | നഃ |
| പൈ | പൊ | പോ | പൌ | പം | പഃ |
| ബൈ | ബൊ | ബോ | ബൌ | ബം | ബഃ |
| മൈ | മൊ | മോ | മൌ | മം | മഃ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യ | യാ | യി | യീ | യു | യൂ | യൃ | യെ | യേ |
| ര | രാ | രി | രീ | രു | രൂ | രൃ | രെ | രേ |
| ല | ലാ | ലി | ലീ | ലു | ലൂ | ലൃ | ലെ | ലേ |
| വ | വാ | വി | വീ | വു | വൂ | വൃ | വെ | വേ |
| ശ | ശാ | ശി | ശീ | ശു | ശൂ | ശൃ | ശെ | ശേ |
| സ | സാ | സി | സീ | സു | സൂ | സൃ | സെ | സേ |
| ള | ളാ | ളി | ളീ | ളു | ളൂ | ളൃ | ളെ | ളേ |
| ഴ | ഴാ | ഴി | ഴീ | ഴു | ഴൂ | ഴൃ | ഴെ | ഴേ |
| റ | റാ | റി | റീ | റു | റൂ | റൃ | റെ | റേ |

യൈ യൊ യോ യൌ യം യഃ

രൈ രൊ രോ രൌ രം രഃ

ലൈ ലൊ ലോ ലൌ ലം ലഃ

വൈ വൊ വോ വൌ വം വഃ

ശൈ ശൊ ശോ ശൌ ശം ശഃ

സൈ സൊ സോ സൌ സം സഃ

ളൈ ളൊ ളോ ളൌ ളം ളഃ

ഴൈ ഴൊ ഴോ ഴൌ ഴം ഴഃ

റൈ റൊ റോ റൌ റം റഃ


---

# പാഠം ൩൰൨.

ഷി ഹ



മഷി



സിംഹം

മഷി

സിംഹം

# പാഠം ൩൩.

വിഷം ദോഷം

കഷായം

ഗൃഹ ഹാരം


ആഹാരം

വിഷദോഷം മാററുവാൻ കഷായം വേണം.

സിംഹം ആഹാരം തേടി വെളിയിൽ പോയി.

## പാഠം ൩൫.

# ഠ ഖ ഫ



പീഠം



മുഖം



ഫണം

പീഠം

മുഖം

ഫണം

---

## പാഠം ൩൯.

മഠം ശഠത

ഖലൻ ദുഃഖം

ഫലം ഫൽഗുനൻ

പുഴയരികിൽ പല മഠം കാണാം.

ഖലന്നു നീ സഖാവാകരുത്.

ഫൽഗുനൻ രണവീരൻ.

ശഠതയുടെ <u>ഫലം</u> ദുഃഖമാണ്.


---

# പാഠം ൩൩

ഫ   ധ   ഭ



മേഘം



സൌധം



ഭരണി

മേഘം

സൌധം

ഭരണി

---

## പാഠം ൩൭.

ഘാതകൻ ഘോരൻ

ആധി ഔഷധം

ഭൂമി ഭാരം

ഭരണം

ഘാതകൻ മഹാഘോരൻ.

ആധി തീരുവാൻ ഔഷധം പോരാ.


ഭൂമിഭരണം മഹാഭാരം.

---

൩൦

## പാഠം നുറു.

# ഛ ഥ ഝ ഢ



ഛായ



രഥം

ഛായ രഥം

ഝടിതി മൂഢൻ

# പാഠം ൩൯.

| | | | |
|---|---|---|---|
| മഷി | ഷി | സിംഹം | ഹം |
| പീഠം | ഠം | മുഖം | ഖം |
| ഫണം | ഫ | മേഘം | ഘം |
| സൌധം | ധം | ഭരണി | ഭ |
| ഛായ | ഛാ | രഥം | ഥം |
| ഝടിതി | ഝ | മൂഢൻ | ഢ |

## പാഠം ൪൦.

അ ആ ഇ ഈ ഉ ഊ ഋ എ

ക കാ കി കീ കു കൂ കൃ കെ

ഖ ഖാ ഖി ഖീ ഖു ഖൂ ഖൃ ഖെ

ഗ ഗാ ഗി ഗീ ഗു ഗൂ ഗൃ ഗെ

ഘ ഘാ ഘി ഘീ ഘു ഘൂ ഘൃ ഘെ

ച ചാ ചി ചീ ചു ചൂ ചൃ ചെ

ഛ ഛാ ഛി ഛീ ഛു ഛൂ ഛൃ ഛെ

ജ ജാ ജി ജീ ജു ജൂ ജൃ ജെ

ഝ ഝാ ഝി ഝീ ഝു ഝൂ ഝൃ ഝെ

ഞ ഞാ ഞി ഞീ ഞു ഞൂ ഞൃ ഞെ

ട ടാ ടി ടീ ടു ടൂ ടൃ ടെ

ഠ ഠാ ഠി ഠീ ഠു ഠൂ ഠൃ ഠെ

ഡ ഡാ ഡി ഡീ ഡു ഡൂ ഡൃ ഡെ

ഢ ഢാ ഢി ഢീ ഢു ഢൂ ഢൃ ഢെ

ണ ണാ ണി ണീ ണു ണൂ ണൃ ണെ

ത താ തി തീ തു തൂ തൃ തെ

ഥ ഥാ ഥി ഥീ ഥു ഥൂ ഥൃ ഥെ

ദ ദാ ദി ദീ ദു ദൂ ദൃ ദെ

ഏ ഐ ഒ ഓ ഔ അം അഃ

കേ കൈ കൊ കോ കൌ കം കഃ

ഖേ ഖൈ ഖൊ ഖോ ഖൌ ഖം ഖഃ

ഗേ ഗൈ ഗൊ ഗോ ഗൌ ഗം ഗഃ

ഘേ ഘൈ ഘൊ ഘോ ഘൌ ഘം ഘഃ

ചേ ചൈ ചൊ ചോ ചൌ ചം ചഃ

ഛേ ഛൈ ഛൊ ഛോ ഛൌ ഛം ഛഃ

ജേ ജൈ ജൊ ജോ ജൌ ജം ജഃ

ഝേ ഝൈ ഝൊ ഝോ ഝൌ ഝം ഝഃ

ഞേ ഞൈ ഞൊ ഞോ ഞൌ ഞം ഞഃ

ടേ ടൈ ടൊ ടോ ടൌ ടം ടഃ

ഠേ ഠൈ ഠൊ ഠോ ഠൌ ഠം ഠഃ

ഡേ ഡൈ ഡൊ ഡോ ഡൌ ഡം ഡഃ

ഢേ ഢൈ ഢൊ ഢോ ഢൌ ഢം ഢഃ

ണേ ണൈ ണൊ ണോ ണൌ ണം ണഃ

തേ തൈ തൊ തോ തൌ തം തഃ

ഥേ ഥൈ ഥൊ ഥോ ഥൌ ഥം ഥഃ

ദേ ദൈ ദൊ ദോ ദൌ ദം ദഃ

| | | | | | | | |
|---|---|---|---|---|---|---|---|
| ധ | ധാ | ധി | ധീ | ധു | ധൂ | ധൃ | ധെ |
| ന | നാ | നി | നീ | നു | നൂ | നൃ | നെ |
| പ | പാ | പി | പീ | പു | പൂ | പൃ | പെ |
| ഫ | ഫാ | ഫി | ഫീ | ഫു | ഫൂ | ഫൃ | ഫെ |
| ബ | ബാ | ബി | ബീ | ബു | ബൂ | ബൃ | ബെ |
| ഭ | ഭാ | ഭി | ഭീ | ഭു | ഭൂ | ഭൃ | ഭെ |
| മ | മാ | മി | മീ | മു | മൂ | മൃ | മെ |
| യ | യാ | യി | യീ | യു | യൂ | യൃ | യെ |
| ര | രാ | രി | രീ | രു | രൂ | രൃ | രെ |
| ല | ലാ | ലി | ലീ | ലു | ലൂ | ലൃ | ലെ |
| വ | വാ | വി | വീ | വു | വൂ | വൃ | വെ |
| ശ | ശാ | ശി | ശീ | ശു | ശൂ | ശൃ | ശെ |
| ഷ | ഷാ | ഷി | ഷീ | ഷു | ഷൂ | ഷൃ | ഷെ |
| സ | സാ | സി | സീ | സു | സൂ | സൃ | സെ |
| ഹ | ഹാ | ഹി | ഹീ | ഹു | ഹൂ | ഹൃ | ഹെ |
| ള | ളാ | ളി | ളീ | ളു | ളൂ | ളൃ | ളെ |
| ഴ | ഴാ | ഴി | ഴീ | ഴു | ഴൂ | ഴൃ | ഴെ |
| റ | റാ | റി | റീ | റു | റൂ | റൃ | റെ |

ധേ ധൈ ധൊ ധോ ധൌ ധം ധഃ

നേ നൈ നൊ നോ നൌ നം നഃ

പേ പൈ പൊ പോ പൌ പം പഃ

ഫേ ഫൈ ഫൊ ഫോ ഫൌ ഫം ഫഃ

ബേ ബൈ ബൊ ബോ ബൌ ബം ബഃ

ഭേ ഭൈ ഭൊ ഭോ ഭൌ ഭം ഭഃ

മേ മൈ മൊ മോ മൌ മം മഃ

യേ യൈ യൊ യോ യൌ യം യഃ

രേ രൈ രൊ രോ രൌ രം രഃ

ലേ ലൈ ലൊ ലോ ലൌ ലം ലഃ

വേ വൈ വൊ വോ വൌ വം വഃ

ശേ ശൈ ശൊ ശോ ശൌ ശം ശഃ

ഷേ ഷൈ ഷൊ ഷോ ഷൌ ഷം ഷഃ

സേ സൈ സൊ സോ സൌ സം സഃ

ഹേ ഹൈ ഹൊ ഹോ ഹൌ ഹം ഹഃ

ളേ ളൈ ളൊ ളോ ളൌ ളം ളഃ


ഴേ ഴൈ ഴൊ ഴോ ഴൌ ഴം ഴഃ

റേ റൈ റൊ റോ റൌ റം റഃ

ദന്ന


# പാഠം ൨൫.

# ത്ത ഞ്ഞ മ്മ ച



## തത്ത

## ഊഞ്ഞാൽ



കമ്മൽ



പൂച്ച

തത്ത ഊഞ്ഞാൽ

കമ്മൽ പൂച്ച

# പാഠം ൪൨.



കുഞ്ഞു കരഞ്ഞു.

അമ്മ എടുത്തു.

ഉമ്മ കൊടുത്തു.

കുഞ്ഞു ചിരിച്ചു.

പാൽ കുടിച്ചു.

# പാഠം ൧൩.

ള്ള ന്ന ന്പ ങ



വള്ളി



ചെന്നായ്



പമ്പരം



മൂങ്ങ

വള്ളി ചെന്നായ്

പമ്പരം മൂങ്ങ.

# പാഠം ൨൨.

ത് + ത = ത്ത വെളുത്ത

ഞ് + ഞ = ഞ്ഞ മഞ്ഞ

മ് + മ = മ്മ സമ്മാനം.

ച് + ച = ച്ച ഈച്ച

ള് + ള = ള്ള പള്ളി

ന് + ന = ന്ന ഒന്ന്

മ് + പ = മ്പ അമ്പലം.

ങ് + ങ = ങ്ങ മാങ്ങ

---


## പാഠം ൪൮.

മഞ്ഞു കാലം വരുന്നേരം
മാവുതോറും പൂവു കാണാം.
മഞ്ഞു നീങ്ങി വേനലായാൽ
മാമ്പഴത്തിൻ കാലമാകും.
വേനൽ പോയി മഴ വന്നാൽ
പിന്നെ വള്ളംകളി തന്നെ.
മഴ മാറിത്തെളിയുമ്പോൾ
തിരുവോണം നമുക്കെല്ലാം.

---



## പാഠം ൪൯

ട്ട ണ്ട ക്ക യ്ക്ക ക്ഷ പ്പ






തൊട്ടിൽ ചെണ്ട

ചക്ക വാഴയ്ക്ക

പക്ഷി കപ്പൽ

തൊട്ടിൽ ചെണ്ട

ചക്ക വാഴയ്ക്ക

പക്ഷി കപ്പൽ

കുട്ടപ്പൻ എന്നെ കാപ്പി കുടിക്കാൻ ക്ഷണിച്ചിട്ടുണ്ടു്.

# പാഠം ൪൧.



പക്ഷി ക്ഷീണം

ഉണ്ടു് കണ്ടു

പള്ളിക്കൂടം വെളുപ്പോളം

കേൾക്കുക ആക്ഷേപം


ഇന്നു കോവിലിൽ കഥകളി ഉണ്ടു്. അവിടെയാണു്

ചെണ്ട കൊട്ടുന്നതു്. നമുക്കു കളി കാണാൻ പോകണം. പക്ഷെ വെളുപ്പോളം ഇരിക്കണ്ട. തീരെ ഉറങ്ങാതിരുന്നാൽ നാളെ വലിയ ക്ഷീണം കാണും. പള്ളിക്കൂടത്തിൽ ഇരുന്നു് ഉറക്കം തൂങ്ങും. കുട്ടികൾ ആക്ഷേപിക്കും. അതുകൊണ്ടു കുറെ കണ്ടിട്ടു തിരിച്ചു പോരാം.


---

## പാഠം ൧൯.

# ററ ണ്ണ യ്യ ല്ല




പാററ



കണ്ണാടി



തയ്യൽ-
ക്കാരൻ



വില്ല്

പാററ കണ്ണാടി

തയ്യൽക്കാരൻ വില്ല്

മുററം മുല്ല

കണ്ണ് പയ്യ്യ

മുററത്തെ മുല്ലയ്ക്കു മണമില്ല.

കണ്ണില്ലാത്തവനേ കണ്ണിനുള്ള വിലയറിയൂ.

പയ്യ്യ തിന്നാൽ പനയും തിന്നാം.

---

## പാഠം ൪൯.

റ് + റ = ററ തെററി

ണ്+ ണ = ണ്ണ മണ്ണ്

യ് + യ = യ്യ പയ്യ്യ

ല് + ല = ല്ല    അല്ലി

പ് + പ = പ്പ    ചെപ്പ്

ട് + ട = ട്ട    വട്ടി

ക + ക = ക്ക    കാക്ക

യ് + ക്ക = യ്ക്ക    അടയ്ക്ക

ക് + ഷ = ക്ഷ    രക്ഷ

ണ് + ട = ണ്ട    വണ്ട്

---

## പാഠം ൩൦



ഞാൻ

മുററത്തു് ഒരു കുവളം ഉ-
ണ്ടു്. അതിൽ ഒരു മുല്ല പടരുന്നു.
ഒരു അണ്ണാൻ എന്നും ആ കുവ-
ളത്തിൽ കയറും. അതു നഖം
കൊണ്ടു് അള്ളിപ്പിടിച്ചുകൊള്ളും.
അതിനാൽ കാൽ തെററുകയി-
ല്ല. എനിക്കു് അണ്ണാനെപ്പോലെ
കയറാൻ വയ്യാ. ഒരു ദിവസം
ഞാൻ പയ്യെ ഒന്നു കയറിനോ-
ക്കി. കുറെ കയറിയപ്പോൾ കാൽ
തെററി 'പൊത്തോ' എന്നു മുററ
ത്തു വീണു. എനിക്കു മതിയായി.
ഇനി ഞാൻ സൂക്ഷിച്ചേ കയറൂ.

# പാഠം ൩൧.

# ന്ത ന്ദ ൻറ ച്ഛ

ൻ + ത = ന്ത ഓന്തു്

ൻ + ദ = ന്ദ ചന്ദനം

ൻ + റ = ൻറ തൻെറ

ച് + ഛ = ച്ഛ അച്ഛൻ

ഓന്തിൻെറ നിറം മാറും.

ചന്ദനത്തിനു വാസനയുണ്ടു്.

അച്ഛനെ അനുസരിക്കണം.

# പാഠം ൩൨.




## മുകുന്ദൻ പന്ത്

മുകുന്ദന് ഒരു പന്തുണ്ടു്. എനിക്കു പന്തില്ല. ഞങ്ങൾ കളിക്കുന്നതു മുകുന്ദന്റെ പന്തുകൊണ്ടാണ്. എനിക്കും ഒരു പന്തുവേണം. ഞാൻ അച്ഛനോടു പറഞ്ഞിട്ടുണ്ടു്. ഇനി അച്ഛൻ വരുമ്പോൾ കൊണ്ടുവരും. അതാ അച്ഛൻ വരുന്നു. കയ്യിൽ ഒരു പന്തുമുണ്ടു്.


## പാഠം ൩൮

# ന്മ സ്ന സ്മ

# സ്ത സ്ഥ



പൊന്മാൻ



സ്നാനം

ൻ + മ = ന്മ    നന്മ

സ് + ന = സ്ന    സ്നേഹം

സ് + മ = സ്മ    സ്മരണ

സ് + ത = സ്ത    സ്തുതി

സ് + ഥ = സ്ഥ    സ്ഥാനം

ഗുരുക്കന്മാരെ ബഹുമാനിക്കണം.

കൂട്ടുകാരെ സ്നേഹിക്കണം.

ഉപകാരിയെ വിസ്മരിക്കരുത്.

തന്നെത്താൻ സ്തുതിക്കരുത്.

സ്ഥാനം മറന്നു സംസാരിക്കരുത്.

# പാഠം ൩൫.



## അസ്തമയം സ്വസ്ഥം

അസ്തമയം അടുത്തു. എല്ലാവരും സ്നാനം കഴിച്ചു. വിളക്കു കൊളുത്തി. വിളക്കിന്നു ചുററും സ്വസ്ഥരായി ഇരുന്നു ലോകത്തിന്ന് നന്മ വരുവാൻ ദൈവത്തെ സ്മരിച്ചു.

# പാഠം ൫൫.

## ക്ര ര്യ ർച്ച ഴ്ച യ്ത

ക് + റ = ക്ര ചക്രം

ര് + യ = ര്യ കാര്യം

ർ + ച = ർച്ച ചേർച്ച

ഴ് + ച = ഴ്ച വേഴ്ച

യ് + ത = യ്ത ചെയ്തു


ചക്രത്തിനു വേണ്ടി അക്രമം കാട്ടരുതു്.

ന്യായം വിടാതെ കാര്യം നേടണം.

ചേർച്ചയില്ലാത്തവരോടു വേഴ്ചയരുതു്.

---

# പാഠം ഒന്നു.



## സൂര്യൻ മറഞ്ഞു
## ചന്ദ്രൻ നക്ഷത്രം
## ഉദിച്ചുയൎന്നു
## മിന്നിത്തിളങ്ങി

സൂര്യൻ കടലിൽ മറഞ്ഞു. ചന്ദ്രൻ ഉദിച്ചുയൎന്നു. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങി. കുളിർകാററു വീശി. പക്ഷികൾ കൂടണഞ്ഞു. അമ്മ പാടി. ഞാനുറങ്ങി.

## പാഠം ൫൭.

# വിയർപ്പ് വെടിപ്പ്

## പഠിക്കുക കളിക്കുക

വെളുക്കും മുമ്പുണരേണം.
വിയർപ്പോളം പണിയേണം.
വെടിപ്പായി കുളിക്കേണം.
വെളുത്ത മുണ്ടുടുക്കേണം.
മടിയാതെ പഠിക്കേണം.
ചൊടിയായി കളിക്കേണം.
ചുണയായിട്ടിരിക്കേണം.
തുണ ദൈവം നമുക്കേകും.

---

## പാഠം ൫൮.

# ദ്ദ ല്മ ള്ള ഷ്ണ ങ്ക ന്ധ

ദ് + ദ = ദ്ദ മദ്ദളം

ല് + മ = ല്മ വാല്മീകി

ക് + ല = ക്ല ക്ലാവ്

ഴ് + ന്ന = ഴ്ന്ന താഴ്ന്ന

ങ് + ക = ങ്ക പൈങ്കിളി

ന് + ധ = ന്ധ ബന്ധു

പൈങ്കിളി പാടുന്നു.
ചെമ്പിനു ക്ലാവുണ്ട്.
തനിക്കു ബന്ധു താൻ തന്നെ.
താഴ്ന്ന നിലത്തേ നീരോടൂ.
ഉരലിന്റെ സങ്കടം മദ്ദള-
ത്തോടോ?

---

## പാഠം ൨൯.



മഹൎഷി സന്ധ്യാവന്ദനം

പ്രാവു് വേടൻ എയ്തു

വീഴ്ത്തി അദ്ദേഹം

സങ്കടം ശ്ലോകം

ആദ്യം രാമായണം

നിൎമ്മിച്ചു

വാല്മീകി മഹൎഷി സന്ധ്യാവന്ദനം ചെയ്കയായിരുന്നു. മുകളിൽ ഒരു മരത്തിൽ രണ്ടു പ്രാവു് ഇരുന്നിരുന്നു. ഒരു വേടൻ അതിൽ ഒന്നിനെ എയ്തു വീഴ്ത്തി. വാല്മീകി അതു കണ്ടു. അദ്ദേഹത്തിനു സങ്കടവും കോപവും ഉണ്ടായി. അദ്ദേഹത്തിൻെറ വാക്കുകൾ ഒരു ശ്ലോകമായിട്ടാണു് പുറത്തു വന്നതു്. അതാണു് ആദ്യത്തെ ശ്ലോകം. വാല്മീകിയാണു് ആദികവി. രാമായണം നിൎമ്മിച്ചതു് അദ്ദേഹമാണു്.

## പാഠം ൩൦.

ദ്ധ ഞ്ച ഷ്ണ ജ്ഞ ണ്ഡ ത്ഥ

ദ് + ധ = ദ്ധ     ശുദ്ധം

ഞ് + ച = ഞ്ച     അഞ്ചൽ

ഷ് + ണ = ഷ്ണ    കൃഷ്ണൻ

ണ് + ഠ = ണ്ഠ    കണ്ഠം

ണ് + ഡ = ണ്ഡ    ഭണ്ഡാരം

ത + ഥ = ത്ഥ    അൎത്ഥം

വൃഷ്ണിവംശത്തിനു കൃഷ്ണൻ വിഭൂഷണം.

ശ്രദ്ധയുണ്ടെങ്കിൽ അബദ്ധം പിണഞ്ഞിടാ.

മിണ്ടാതിരിക്കും, ഭണ്ഡാരം മുറിക്കും.


അൎത്ഥം ചിലപ്പോൾ അനൎത്ഥമായും വരും.

തഞ്ചമെന്നോൎത്തിട്ടു വഞ്ചനം ചെയ്യൊലാ.

ശുണ്ഠിയും ശണ്ഠയും കൊണ്ടു ഫലമില്ല.

---

# പാഠം ൬൧.



പാണ്ഡവന്മാർ

കൌരവന്മാർ

അഞ്ച്   ശങ്ക

യുദ്ധം   രാജ്യം

പാർത്ഥൻ സിദ്ധിച്ചു

പാണ്ഡവന്മാർ അഞ്ചു

പേരായിരുന്നു; കൌരവന്മാർ നൂ-
റുപേരും. അവർ തമ്മിൽ എന്നും
ശണ്ഠയായിരുന്നു. രാജ്യം ആരു
ഭരിക്കണമെന്നായിരുന്നു തക്കം.
അവരുടെ ശണ്ഠ മൂത്ത് ഒടുവിൽ
ഒരു വലിയ യുദ്ധമുണ്ടായി. ശ്രീ-
കൃഷ്ണൻ പാണ്ഡവന്മാരുടെ പ-
ക്ഷത്തു ചേൎന്നു. അവരുടെ കൂ-
ട്ടത്തിൽ വലിയ യുദ്ധവീരൻ
പാൎത്ഥനായിരുന്നു. അദ്ദേഹ-
ത്തിൻെറ രഥം നടത്തിയതു കൃ-
ഷ്ണനായിരുന്നു. യുദ്ധത്തിൽ കൌ-
രവന്മാർ മരിച്ചു. രാജ്യം പാ-
ണ്ഡവന്മാൎക്കു സിദ്ധിച്ചു.

---

# പാഠം ൱൨.

## ഷ്ട ത്സ ഗ്ന സ്വ

ഷ് + ട = ഷ്ട  അഷ്ടമി

ത് + സ = ത്സ  ഉത്സവം

ഗ് + ന = ഗ്ന  അഗ്നി

സ് + വ = സ്വ  സ്വരം

വയ്ക്കത്തഷ്ടമി ഒരു വലിയ ഉത്സവമാണ്.

അതിഭക്ഷണംകൊണ്ടു് അഗ്നിമാന്ദ്യം വരും.

സ്വസ്ഥമായിരുന്നാൽ സ്വത്തുണ്ടാകയില്ല.

---

വൃദ

# പാഠം നന.



സ്വല്പം സ്വന്തം

ജ്വാല ശ്വാവ്

സ്പഷ്ടം കഷ്ടം

മനുഷ്യൻ രക്ഷിക്കുക

ഉപേക്ഷിക്കുക

ഒരിക്കൽ ഒരു വീട്ടിനു തീ പിടിച്ചു. വീട്ടുകാരെല്ലാം പുറത്തു ചാടി. ഒരു കൊച്ചുകുട്ടിയെ ഉറക്കി

അകത്തു കിടത്തിയിരുന്നു. അക്കാര്യം സ്വല്പം കഴിഞ്ഞാണ് അവർ ഓർത്തതു്. അപ്പോഴത്തേയ്ക്കു അഗ്നി പടൎന്നു പിടിച്ചിരുന്നു. ജ്വാലകൊണ്ടു് ആൎക്കും അടുക്കാൻ കഴിഞ്ഞില്ല. അവരുടെ പട്ടി തീ കണ്ടു് ഭയന്നു നിൽക്കുകയായിരുന്നു. അപ്പോഠ അകത്തുനിന്നു കുട്ടിയുടെ കരച്ചിൽ സ്പഷ്ടമായി കേട്ടു. അതുവരെ പേടിച്ചു നിന്നിരുന്ന ശ്വാവ് പെട്ടെന്നു് അകത്തേയ്ക്കു പാഞ്ഞു. കുറച്ചു കഴിഞ്ഞു കുട്ടിയെ കിടത്തിയിരുന്ന തുണിയോടുകൂടി കടിച്ചെടുത്തുകൊണ്ടു് പുറത്തു വന്നു. എന്നാൽ, കഷ്ടം, ആ പട്ടി താഴെ വീണു ചത്തു. അതു യജമാനൻെറ കുട്ടിയെ രക്ഷിക്കാൻ സ്വജീവൻ ഉപേക്ഷിച്ചു.

# പാഠം ൬൰

# ക്ത ഗ്ദ ശ്ച ജ്ഞ ത്മ

ക് + ത = ക്ത  രക്തം

ഗ് + ദ = ഗ്ദ  വാഗ്ദാനം

ശ് + ച = ശ്ച  നിശ്ചയം

ജ് + ഞ = ജ്ഞ  ജ്ഞാനം

ത് + മ = ത്മ  പത്മം

രക്തം കുറയുമ്പോൾ ശക്തി-
യും കുറയും.
വാഗ്ദാനം പാലിക്കണം.
ആലോചിച്ചു നിശ്ചയിക്കണം.
ജ്ഞാനമാണ് വലിയ ധനം.
നമ്മുടെ മഹാരാജാവ് ശ്രീപ -
ത്മനാഭദാസനാണ്.

## പാഠം ൩൨.



## ശ്രീയേശു

## അദ്ദേഹം അനുഗ്രഹം

വൃൻ

സന്നിധി അസഹ്യം
ശിഷ്യൻ വാത്സല്യം
പ്രസാദം ശിരസ്സ്


ഒരിക്കൽ നാലഞ്ചു ശിശുക്കളെ അവരുടെ അമ്മമാർ ശ്രീയേശുവിൻെറ സന്നിധിയിലേയ്ക്കു കൊണ്ടുചെന്നു. ശിശുക്കളുടെ തലയിൽ അദ്ദേഹം കൈവച്ച് അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുവാൻ ആയിരുന്നു അവർ ചെന്നത്. യേശുവിൻെറ ശിഷ്യന്മാരിൽ ചിലക്ക് അതു രസിച്ചില്ല. "ഗുരുവിനെ അസഹ്യപ്പെടു

ത്തരുത്. ശിശുക്കളെ വേഗം
കൊണ്ടുപോകുവിൻ". എന്നു
പറഞ്ഞ് അവരെ തിരിച്ച-
യയ്ക്കുവാൻ നോക്കി. യേശു
അതു കണ്ടു. "കുഞ്ഞുങ്ങൾ അ-
ടുത്തു വന്നുകൊള്ളട്ടെ. നി-
ങ്ങൾ അവരെ തടയരുത്.
ദൈവത്തിനു ശിശുക്കളോടാ-
ണ് വാത്സല്യം. ഇവരെ-
പ്പോലെ നിങ്ങളും കപടമില്ലാ
ത്തവരാകണം. എന്നാൽ
മാത്രമേ നിങ്ങളിലും ദൈ-
വത്തിനു പ്രസാദം ഉണ്ടാ
കയുള്ളൂ". എന്നു യേശുദേവൻ

പറഞ്ഞു. പിന്നീട് അദ്ദേഹം ശിശുക്കളെ അരികെ വിളിച്ചു മാറോട് അണച്ചു ശിരസ്സിൽ തൃക്കൈ വച്ച് അനുഗ്രഹിച്ചു.

---

## പാഠം ൩൩.



ദേഹശുദ്ധി മിതാഹാരം

വ്യായാമം ആരോഗ്യം

ശക്തി

മകൻ- അച്ഛാ! അതാരാണ്?

അച്ഛൻ- അതാണ് രാമമൂൎത്തി.

മകൻ- അദ്ദേഹം എന്താണ് ചെയ്യുന്നത്?

അച്ഛൻ- ഓടുന്ന കാർ പിടിച്ചു നിൎത്തുകയാണ്.

മകൻ- ഓടുന്ന കാറോ? അതു് അദ്ദേഹത്തെ വലിച്ചു കൊണ്ടുപോകയില്ലേ?

അച്ഛൻ- ഇല്ല. വേണമെങ്കിൽ അദ്ദേഹം അതിനെ വലിച്ചുകൊണ്ടു പോകും.

മകൻ- അതു് എന്തൊരു സൂത്രമാണ്?

അച്ഛൻ- സൂത്രമൊന്നുമില്ല. അ-

ദ്ദേഹം ശരീരം എപ്പോ
ഴും ശുചിയാക്കി വയ്ക്കും;
നല്ല ആഹാരം കഴി-
ക്കും; ശരിയായിട്ടു വ്യാ-
യാമം ചെയ്യും. ഇങ്ങ
നെയുള്ള ശീലം കൊ-
ണ്ടും പ്രത്യേക രീതിയി-
ലുള്ള അഭ്യാസം കൊ-
ണ്ടും ആണ് അദ്ദേഹ-
ത്തിന് ഇത്രയും ശക്തി
സിദ്ധിച്ചത്.

മകൻ - അങ്ങനെ ഒക്കെ പ്രവ
ർത്തിച്ചാൽ അദ്ദേഹ-
ത്തെപ്പോലെ ആകാ-
മോ?

അച്ഛൻ- ദേഹശുദ്ധി, മിതാഹാരം,

വ്യായാമം ഇത്രയുമു-
ണ്ടെങ്കിൽ ആരോഗ്യ-
വും ശരീരബലവും
ആർക്കും ഉണ്ടാകും.

മകൻ- എനിക്കും അങ്ങനെ
എല്ലാം ചെയ്യണം. ഒ-
രുകാലത്ത് എനിക്കും
ഒരു രാമമൂർത്തിയാക-
ണം. അന്ന് അച്ഛൻ
എന്നെക്കൂടാതെ വ-
ല്ലയിടത്തും പോകാൻ
തുടങ്ങിയാൽ ഞാൻ
അച്ഛന്റെ കാർ പി-
ടിച്ചു നിർത്തും.

# പാഠം ൯൨.

## പൂമ്പാററ

ഈ വള്ളിയിൽ നിന്നു ചെമ്മേ - പൂക്കൾ
പോവുന്നിതാ പറന്നമ്മേ.
തെററി നിനക്കുണ്ണി ചൊല്ലാം- നൽപൂ-
മ്പാററകളല്ലേയിതെല്ലാം?
മേൽക്കുമേലിങ്ങിവ പൊങ്ങി- വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ- അമ്മേ
വയ്യേയെനിക്കു പറപ്പാൻ:
ആകാത്തതിങ്ങനെയെണ്ണി- ച്ചമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണി.
പിച്ചനടന്നു കളിപ്പൂ - നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ -
ഞാനൊ-
രുമ്മ തരാമമ്മ ചൊന്നാൽ.
നാമിങ്ങറിയുവതല്പം-
എല്ലാ-
മോമനേ ദൈവസങ്കല്പം.

---

## പാഠം ൩൪

## തെങ്ങ്



കാററത്തിളകും മടലുകളും
കാച്ചുതഴയ്ക്കും കുലകളുമായ്
നമ്മുടെ തോട്ടത്തിൽ നിന്നി-
ടുന്നു
നല്ലൊരു തെങ്ങുകളൊട്ടനേകം.
പാരിന്നഴകും നിഴലുമേകി-
പ്പാരമിത്തെങ്ങു വിളങ്ങിടുന്നു.
എത്ര കൊതുമ്പിതിലെത്രയോല!
എത്ര ചെറുകരിക്കെത്ര തേങ്ങ!
കയ്യെത്തുകില്ല; കിടാങ്ങൾ-
ക്കൊന്നും
കട്ടുമുടിപ്പാൻ വഴിയുമില്ല;
തന്നുടമസ്ഥനു വേണ്ടിയെല്ലാം
തൻതലമേൽത്താങ്ങി നിന്നി
ടുന്നു.
വേനൽക്കും മഞ്ഞിനും ഭേദമില്ല;
വേറിട്ടൊരൊററ നിനവുമില്ല.

അച്ഛനമമ്മയും ബാല്യകാല-
ത്തല്പം ജലമിതിനേകി പോലും:
ആ നന്ദിമൂലമവയ്ക്കതിപ്പോ-
ളാശിച്ചതൊക്കയും നൽകിടുന്നു.
പാൽച്ചോറു തന്നവർ കൊച്ചു-
നാളിൽ
പാരാതെയെന്നെയും പോററിടുന്നു.
ദൈവമേ, ഞാനും കടപ്പിയിലി-
ത്തെങ്ങുകൾക്കൊപ്പമായ് ത്തീര
ണമേ।
മൂട്ടുതുടങ്ങി മുടി വരയ്ക്കും
മുററുമുപകാര മാകണമേ!

---

# പാഠം ൩൯

## തത്ത

പഞ്ചവർണ്ണപ്പെൺകൊടിയേ,
പൈങ്കിളിയേ, വാ വാ.



വാടിടാമോ പൂമേനി?
വന്നിരിയരികിൽ.
പൈദാഹം ഞാൻതീക്കാം,
പാൽ പഴങ്ങൾ നൽകാം;
നിന്നെ ത്തൊടില്ലേ ഞാൻ;
നിന്നാണെൻ തത്തെ.
മാണിക്യച്ചെഞ്ചുണ്ടും
മരതകക്കൽമെയ്യും
കാണട്ടെ നന്നായ് ഞാൻ

കൺകുളിരും വൎണ്ണം.
ഏതെല്ലാം ദിക്കുകൾ നീ-
യെത്ര ചുററിക്കണ്ടു?
എന്തെല്ലാം വൎത്തമാന-
മെന്നോടുണ്ടു ചൊൽവാൻ?
ഇങ്ങുമങ്ങും വാനിൽ മുറ-
യ്ക്കീശരപോലെ പോവാൻ
ഈ ചിറകു രണ്ടും നിന-
ക്കീശനല്ലോ തന്നു.
എങ്ങുവേണമെന്നുവേണ-
മെത്രവേണം പോകാം!
നിന്റെ ഭാഗ്യം തന്നെ ഭാഗ്യം
നിൎണ്ണയം തത്തമ്മേ!
നീയതറിഞ്ഞീശ്വരനെ
നിത്യവും വാഴ്ത്തുന്നു;

# നിന്നെത്തുണച്ചിടുന്നു
# നീക്കമെന്യേ ദൈവം.

---

82